ഉത്തരം

(എ) ഉണ്ട്.

(ബി) 69 സബ് രജിസ്ട്രാർ ആഫീസുകളിൽ ഈ പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 68 ഓഫീസുകളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) 69 സബ് രജിസ്ട്രാർ ആഫീസുകളിൽ പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും 60 ഓഫീസുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപടികൾ നടത്തുവാനും ഉദ്ദേശിക്കുന്നു. 8 ഓഫീസുകളിൽ നിലവിൽ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്.

(ഡി) 5 കോടി രൂപ.

രജിസ്ട്രേഷൻ വകുപ്പിലെ ശിപായിമാരുടെ ഒഴിവുകൾ

119 [309] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിൽ ശിപായിമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ ഒഴിവുകളൊന്നും ഇല്ല.

(ബി ആന്റ് സി) ബാധകമല്ല.

ചേമഞ്ചേരി സബ് രജിസ്ട്രാർ ആഫീസ്

120 [310] ശ്രീ. പി. ശങ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ചേമഞ്ചേരി സബ് രജിസ്ട്രാർ ആഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നടപടി ഏതുവരെ ആയി എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തികവർഷം ഇതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly